സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ- എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.16596/24/ഇഡിപി തിരുവനന്തപുരം.22.07.2025

**പരാമർശം:**01/07/2025 ലെ ബോർഡ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി റിക്വയർമെന്റ് അനാലിസിസ്, റിക്വയർമെന്റ് ഡോക്യുമെന്റേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുള്ളതും, ഇതിനുശേഷം വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ മൊഡ്യൂളുകളുടെ പൈലറ്റ് റൺ ഘട്ടത്തിലേയ്ക്ക് കടന്നിട്ടുള്ളതുമാകുന്നു. ഇന്റഗ്രേറ്റഡ് ടെമ്പിൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ(ITMS) ന്റെ പൈലറ്റ് റൺ കൊട്ടാരക്കര കുലശേഖരനല്ലൂർ ദേവസ്വത്തിൽ നടക്കുന്നതും ആയതിന്റെ പ്രവർത്തനം വിലയിരുത്തി തുടർന്ന് ശബരിമല ദേവസ്വത്തിലും മറ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് ദേവസ്വങ്ങളിലും നടപ്പിൽ വരുത്തുന്നതുമാണ്. ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലവിലെ ഭരണസംവിധാനത്തിലും അക്കൗണ്ടിംഗ് സംവിധാനത്തിലും കാതലായ മാറ്റങ്ങൾ വേണ്ടി വരുന്നതും ഔദ്യോഗിക തലങ്ങളിൽ നയരൂപീകരണവും തീരുമാനങ്ങളും ധ്രുതഗതിയിൽ വേണ്ടി വന്നേക്കുന്നതുമാകുന്നു. ഇതിലേക്ക് അക്കൗണ്ട്സ് ആന്റ് ആഡിറ്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആയതിൽ കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് പ്രതിനിധിയും ചാർട്ടേഡ് അക്കൗണ്ടന്റും ഉൾപ്പെടേണ്ടതായിട്ടുമുണ്ട്. ഡിജിറ്റൈസേഷന്റെ വിവിധ പ്രവർത്തനങ്ങളുമായി രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി, പർച്ചേസ് കമ്മിറ്റി, വെരിഫിക്കേഷൻ കമ്മിറ്റി എന്നിവയുടെ ഏകോപനവും ആവശ്യമാണ്.

ഉദ്യോഗസ്ഥ തലത്തിലുള്ള മാറ്റങ്ങൾ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളെ ബാധിക്കുവാതിരിക്കുന്നതിനും ടി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും സ്ഥിര അംഗങ്ങളെ ഉൾപ്പെടുത്തി ഒരു അപെക്സ് കമ്മിറ്റിയുടെ ആവശ്യം ഉള്ളതാണെന്ന് ബോർഡ് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

## ഉത്തരവ്

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിവിധ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ചുവടെ വിവരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുന്നു:

   a) അഡ്വ: പി.എസ്.പ്രശാന്ത്, പ്രസിഡന്റ് തിരുവിതാംകൂർ ദേവസ്വം ബോർഡ് (ചെയർമാൻ)

   b) അഡ്വ: എ.അജികുമാർ, മെമ്പർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്

c) മെമ്പർ-2, തിരുവിതാംകൂർ ദേവസ്വം ബോർഡ്

d) ശ്രീ ബി.സുനിൽ കുമാർ, ദേവസ്വം കമ്മീഷണർ

e) ശ്രീ രഞ്ജിത് കെ ശേഖർ, ചീഫ് എൻജിനീയർ

f) ഡോ:പി.വിനോദ് ഭട്ടതിരിപ്പാട്, മുഖ്യ ഉപദേഷ്ടാവ്, ടെക്നിക്കൽ കമ്മിറ്റി(എക്സ് ഒഫീഷ്യോ മെമ്പർ)

g) ശ്രീ എം.ജി.മധു, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഡിജിറ്റൈസേഷൻ

h) ശ്രീ പി.ദിലീപ് കുമാർ,ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം

i) ശ്രീ ഒ.ജി.ബിജു, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ

j) ശ്രീമതി സുഷമ.എസ്, അസി: ദേവസ്വം കമ്മീഷണർ, ജനറൽ അഡ്മിനിസ്ട്രേഷൻ

k) ശ്രീ ആർ.എസ്.രശ്മി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ശ്രീകണ്ഠേശ്വരം ദേവസ്വം

2. മേൽ വിവരിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട മറ്റ് എല്ലാ കമ്മിറ്റികളിലും അംഗത്വം ഉണ്ടായിരിക്കുന്നതാണ്.

3. ഡിജിറ്റൈസേഷൻ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ഒരു അസി:ദേവസ്വം കമ്മീഷണറുടെ സേവനം ആവശ്യമാകയാൽ ദേവസ്വം കമ്മീഷണർ ഓഫീസിലെ ജനറൽ അഡ്മിനിസ്ട്രേഷൻ വിഭാഗം അസി:ദേവസ്വം കമ്മീഷണർ ശ്രീമതി എസ്.സുഷമയെ ടി ഓഫീസിലെ ജോലിക്ക് പുറമേ ഡിജിറ്റൈസേഷൻ വിഭാഗത്തിലെ ഡ്യൂട്ടി കൂടി നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

**സെക്രട്ടറി**

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(ഡിജിറ്റൈസേഷൻ)

**പകർപ്പ്:-**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. തിരുവാഭരണം കമ്മീഷണർ
4. സൂപ്രണ്ട് ഓഫ് പൊലീസ്, വിജിലൻസ് & സെക്യൂരിറ്റി
5. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
7. ലാ ആഫീസർ
8. എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും
9. പേർസണൽ സെക്രട്ടറി to പ്രസിഡന്റ്
10. പേർസണൽ സെക്രട്ടറി to മെമ്പർ 1
11. പേർസണൽ സെക്രട്ടറി to മെമ്പർ 2
12. ഐടി ഡിവിഷൻ
13. സെക്ഷൻ ഫയൽ
14. ഫെയർ ആഫീസ് കോപ്പി